## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2476** — **18.06.2014** ൽ മറുപടിക്ക്

### ചെറുതുരുത്തി തടയണ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര നിയോജകമണ്ഡലത്തിലെ ചെറുതുരുത്തി തടയണയുടെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ; | (ബി) | 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും ഭാരതപ്പുഴയിലെ നിർമ്മാണ പ്രവർത്തനം തുടങ്ങിയതിനുശേഷം നേരിടേണ്ടി വന്ന പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനുവേണ്ടിയുള്ള ഇനങ്ങൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുനർനിർണയിക്കേണ്ടതായി വന്നു. അതനുസരിച്ച് 12.20 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. പക്ഷെ ഇതിനിടയിൽ ആകസ്മികമായുണ്ടായ കരാറുകാരന്റെ മരണം മൂലം പണി തുടർന്നുകൊണ്ടുപോകുവാൻ കഴിഞ്ഞില്ല. |
| (സി) | റിവർ മാനേജ്മെന്റ് ഫണ്ടിന്റെ അപര്യാപ്തതകൊണ്ടു കൂടിയാണ് നിർമ്മാണം പുനരാരംഭിക്കുവാൻ കഴിയാതിരിക്കുന്നതെന്നത് ശരിയാണോ ; | (സി) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പണി ചെയ്യാൻ പ്രൊപ്പോസൽ റവന്യൂവകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് റവന്യൂ വകുപ്പ് അനുമതി നിരസിക്കുകയുണ്ടായി. |
| (ഡി) | ജലവിഭവ വകുപ്പ് നേരിട്ട് നിർമ്മിക്കുവാൻ തയ്യാറാക്കിയിട്ടുള്ള തടയണകളുടെ പട്ടികയിൽ ഈ തടയണയെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ; | (ഡി) | ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ അതിന്റെ വിശദാംശ ങ്ങൾ നൽകുമോ ; | (ഇ) | ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ 22-07-2013-ാം തീയതിയിലെ ഡബ്ല്യൂ 1-11250-13 എന്ന കത്ത് പ്രകാരം സമർപ്പിച്ച ചെക്ക് ഡാമുകളുടെ പട്ടികയിൽ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ തൃശൂരിന്റെ കീഴിൽ 1-ാം നമ്പരായി ഉൾപ്പെടുത്തിയിരുന്നു. |
| (എഫ്) | പ്രസ്തുത തടയണ പൂർത്തി യാക്കി ജലസേചനത്തിനും കുടിവെള്ള സ്രോതസ്സുൾക്കും പ്രയോജനപ്പെടുത്തുവാൻ നട പടി സ്വീകരിക്കുമോ? | (എഫ്) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ